# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3049** **18-10-2016-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.-യിലേയ്ക്ക് സാധാരണ ജനങ്ങളെ ആകർഷിക്കാൻ നടപടി**

| | ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ. എസ്. എഫ്. ഇ - യുടെ എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ട്; കുറികളും മറ്റു ബിസ്സിനസ്സുകളും ആയി ശരാശരി എത്ര കോടി രൂപയുടെ ബിസ്സിനസ്സ് കെ. എസ്. എഫ്. ഇ. ഓരോ വർഷവും നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിൽ കെ.എസ്.എഫ്.ഇ യ്ക്ക് 600 ശാഖകൾ ആണ് ഉള്ളത്. എല്ലാവർഷവും വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 31.03.2016 ൽ അവസാനിച്ച സാമ്പത്തികവർഷത്തിൽ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് കുറികളും മറ്റ് ബിസിനസ്സുകളുമായി വിറ്റുവരവ് 28960 കോടി രൂപയാണ്. 31/08/2016 ലെ കണക്ക് അനുസരിച്ച് ഈ സംഖ്യ 30623 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |
| (ബി) | ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും കെ. എസ്. എഫ്. ഇ. യുടെ ശാഖകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഫെമ നിയമത്തിൽ വന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ പ്രവാസികൾക്കായി ചിട്ടി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | ജാമ്യ വ്യവസ്ഥകൾ ലളിതമാക്കി ചെറുകിട കച്ചവടക്കാരെയും മറ്റു സ്ഥിര വരുമാനക്കാരടക്കമുള്ള സാധാരണക്കാരെയും കെ. എസ്. എഫ്. ഇ. യിലേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ചെറുകിട കച്ചവടക്കാരെയും മറ്റു സ്ഥിര വരുമാനക്കാരടക്കമുള്ള സാധാരണക്കാരെയും ആകർഷിക്കുന്നതിനായി ശമ്പള സർട്ടിഫിക്കറ്റ്, വസ്തു ജാമ്യം, അടച്ചുതീർത്ത എൽ ഐ. സി. സർട്ടിഫിക്കറ്റ്, സ്വർണ്ണം, കിസാൻ വികാസ് പത്ര, സ്ഥിര നിക്ഷേപ രശീതികൾ തുടങ്ങിയവയും ഇപ്പോൾ ജാമ്യമായി സ്വീകരിക്കുന്നുണ്ട്. അനേകം ഇടപാടുകാർ ഈ ജാമ്യ വ്യവസ്ഥകൾ പ്രയോജനപ്രദമായി ഉപയോഗിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.